ജപ്പാൻ കുടിവെള്ള പദ്ധതി-പ്ലാനും എസ്റ്റിമേറ്റും

45 [2514] ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജപ്പാൻ കുടിവെള്ള പദ്ധതികളുടെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി കഴിഞ്ഞുവോ; വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് കൺസൾട്ടൻസിയെ നിയമിച്ചു കഴിഞ്ഞുവോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ജപ്പാൻ ബാങ്ക് ഫോർ ഇന്റർനാഷണൽ കോ-ഓപ്പറേഷന്റെ സഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്ന കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുന്ന തിരുവനന്തപുരം നഗരത്തിനും പ്രാന്തപ്രദേശങ്ങൾക്കുമുള്ള വാട്ടർ സപ്ലൈ ഇംപ്രൂവ്മെന്റ് പദ്ധതി മീനാടിനും സമീപഗ്രാമങ്ങൾക്കുമുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതി (കൊല്ലം ജില്ല), ചേർത്തലയ്ക്കും സമീപ ഗ്രാമങ്ങൾക്കുമുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതി (ആലപ്പുഴ ജില്ല), കോഴിക്കോട് നഗരത്തിനും പ്രാന്തപ്രദേശങ്ങൾക്കുമുള്ള വാട്ടർ സപ്ലൈ ഇംപ്രൂവ്മെന്റ് പദ്ധതി, പട്ടുവത്തിനും സമീപ ഗ്രാമങ്ങൾക്കുമുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതി (കണ്ണൂർ ജില്ല) എന്നീ അഞ്ച് പദ്ധതികളുടെയും സർവ്വെ, ഡിസൈൻ പ്രവൃത്തികൾ (പ്ലാനുകൾ തയ്യാറാക്കുന്നത് ഉൾപ്പെടെ) അന്തിമഘട്ടത്തിലാണ്.

ഓരോ പദ്ധതിയുടെയും മതിപ്പ് ചെലവ് (ജെ. ബി. ഐ. സി. അംഗീകരിച്ച പുതുക്കിയ ഫീസിബിലിറ്റി റിപ്പോർട്ട് പ്രകാരമുള്ളത്) താഴെ പറയുന്നു:

പദ്ധതി	*മതിപ്പ്ചെലവ് (കോടി രൂപയിൽ)*
തിരുവനന്തപുരം	204.29
മീനാട്	162.16
ചേർത്തല	242.97
കോഴിക്കോട്	428.40
പട്ടുവം	203.84

പദ്ധതിയുടെ മൊത്തം മതിപ്പ് ചെലവ് 1787 കോടി രൂപയാണ്.

(ബി) ടോക്യോ എഞ്ചിനീയറിംഗ് കൺസൾട്ടൻസ് കമ്പനി ലിമിറ്റഡ്, ജപ്പാൻ എന്ന കമ്പനി പ്രധാന പാർട്ട്ണർ ആയിട്ടുള്ള ടി. ഇ. സി. കൺസോർഷ്യം എന്ന കൺസൾട്ടൻസിയെ നിയമിക്കുകയും അവർ 1-9-2003 മുതൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly